# Visit of Foreign Secretary to Myanmar (November 20-21, 2022)

November 22, 2022

---

**മ്യാൻമറിലേക്കുള്ള വിദേശകാര്യ സെക്രട്ടറിയുടെ സന്ദർശനം (നവംബർ 20-**21, **2022)**

നവംബർ 22, 2022

1.വിദേശകാര്യ സെക്രട്ടറി 2022 നവംബർ 20 മുതൽ 21 വരെ മ്യാൻമറിൽ സന്ദർശനം നടത്തി.

2. മ്യാൻമറിലെ മുതിർന്ന നേതൃത്വവുമായുള്ള കൂടിക്കാഴ്ചയിൽ, ഇന്ത്യയുടെയും മ്യാൻമറിന്റെയും അതിർത്തി പ്രദേശങ്ങളിലെ സുരക്ഷയും സ്ഥിരതയും നിലനിർത്തുന്നതിനെക്കുറിച്ച് വിദേശകാര്യ സെക്രട്ടറി ചർച്ച ചെയ്തു; നിരവധി ഇന്ത്യൻ പൗരന്മാർ പിടിക്കപ്പെടുകയുണ്ടായ മ്യാൻമറിലെ മ്യാവഡി മേഖലയിൽ അന്താരാഷ്ട്ര ക്രൈം സിൻഡിക്കേറ്റുകളുടെ മനുഷ്യക്കടത്ത് പ്രശ്നം ഉന്നയിച്ചു കൂടാതെ ഉഭയകക്ഷി വികസന സഹകരണ പദ്ധതികൾ അവലോകനം ചെയ്യുകയും ചെയ്തു.

3. ഇന്ത്യ-മ്യാൻമർ അതിർത്തി പ്രദേശങ്ങൾ ഉൾപ്പെടെയുള്ള ജനകേന്ദ്രീകൃത സാമൂഹിക-സാമ്പത്തിക വികസന പദ്ധതികൾക്ക് ഇന്ത്യയുടെ തുടർ പിന്തുണയും കൂടാതെ കാലാടൻ മൾട്ടിമോഡൽ ട്രാൻസിറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ്, ത്രിരാഷ്ട്ര ഹൈവേ പോലുള്ള നിലവിലുള്ള കണക്റ്റിവിറ്റി സംരംഭങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള ഇന്ത്യയുടെ പ്രതിജ്ഞാബദ്ധതയും വിദേശകാര്യ സെക്രട്ടറി പ്രകടിപ്പിച്ചു.മ്യാൻമറിലെ ജനങ്ങളുടെ പ്രയോജനത്തിനായി റാഖൈൻ സ്റ്റേറ്റ് ഡെവലപ്മെന്റ് പ്രോഗ്രാമിനും ബോർഡർ ഏരിയ ഡെവലപ്മെന്റ് പ്രോഗ്രാമിനും കീഴിലുള്ള പദ്ധതികൾ തുടരാനുള്ള ഇന്ത്യയുടെ പ്രതിജ്ഞാബദ്ധതയും വിദേശകാര്യ സെക്രട്ടറി ആവർത്തിച്ചു.

**ന്യൂ ഡെൽഹി**

**നവംബർ 22, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.